(സി) കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ മെട്രോ റെയിൽവേ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തുന്നതിന് ഏതെങ്കിലും സംഘടനയെ ചുമതലപ്പെടുത്തിയിരുന്നുവോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചുവോ;

(ഇ) കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ മെട്രോ റെയിൽവേ സംവിധാനം ഏർപ്പെടുത്താനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) സംസ്ഥാനത്ത് കൊച്ചി, തിരുവനന്തപുരം, എന്നീ നഗരങ്ങളിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിലേയ്ക്കായി ഏത് സംവിധാനം സഹായകരമാകുമെന്ന് തീരുമാനിക്കുന്നതിനു വേണ്ടി സമഗ്ര സർവ്വേ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിന് 'ടെക്നോ ഇക്കണോമിക് ഡീലിംഗ്' വഴി ഒരു ഏജൻസിയെ കണ്ടെത്തുകയും കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ പഠന ചുമതല അവരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൊച്ചി നഗരത്തെ സംബന്ധിച്ച് പഠന ചുമതല കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 'റൈറ്റ്സ്' എന്ന സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന് സർക്കാർ തീരുമാനമായിട്ടുണ്ടെങ്കിലും പ്രതിപക്ഷത്തെ സംബന്ധിച്ച് അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) സമഗ്ര സർവ്വേ നടത്തി പഠനഫലം വിശകലനം ചെയ്ത ശേഷം മാത്രമേ ഏതു സംവിധാനത്തിലൂടെ കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുവാൻ സാധിക്കും എന്ന് നിർണ്ണയിക്കാനാവുകയുള്ളൂ. മെട്രോ റെയിൽവേ സംവിധാനമാണ് പരിഹാര മാർഗ്ഗമെന്ന് കണ്ടെത്തുകയാണെങ്കിൽ ടി സംവിധാനം നടപ്പിലാക്കാനുള്ള സത്വര നടപടികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്വീകരിക്കുന്നതാണ്.

20 (*76) ലോട്ടറി നിരോധനം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സർക്കാർ ലോട്ടറികളും, സ്വകാര്യ ലോട്ടറികളും സമ്പൂർണ്ണമായി നിരോധിക്കാൻ കേന്ദ്രഗവൺമെന്റ് വീണ്ടും നീക്കം ആരംഭിച്ചിട്ടുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ എന്തെങ്കിലും അറിയിപ്പ് സർക്കാരിനു ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ലോട്ടറി നിരോധനം പ്രാബല്യത്തിൽ വന്നാൽ അത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ എപ്രകാരം ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മുൻ കേന്ദ്രഗവൺമെന്റിന്റെ കാലത്ത് ലോട്ടറി നിരോധിക്കാൻ നീക്കമുണ്ടായെങ്കിലും ആയത് നിറുത്തിവച്ചത് ഏതു സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ലോട്ടറി നിരോധനം പ്രാബല്യത്തിൽ ആയാൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിർദ്ദേശം മുന്നോട്ടുവച്ചതായി അറിവുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് ലോട്ടറി ടിക്കറ്റിന്റെ ക്രയവിക്രയം ജീവിതോപാധിയായി സ്വീകരിച്ച ലക്ഷക്കണക്കിനു ജീവനക്കാർക്കും തൊഴിലാളികൾക്കും എന്തെങ്കിലും പുനരധിവാസപദ്ധതി നടപ്പാക്കാൻ കേന്ദ്രഗവൺമെന്റ് നിർദ്ദേശം വച്ചതായി അറിവുണ്ടോ;

(ജി) സംസ്ഥാനത്തെ ലോട്ടറി നിരോധനത്തോട് സർക്കാരിന്റെ നിലപാട് എന്തെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. ലോട്ടറിനിരോധനം സംബന്ധിച്ച് സംസ്ഥാന നിയമസഭയുടെ പ്രമേയം കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. ലോട്ടറി നിരോധനം മൂലം സംസ്ഥാന സർക്കാരിന്റെ വാർഷികവരുമാനത്തിൽ ശരാശരി നൂറുകോടി രൂപയുടെ വിറ്റുവരവ് കുറവുവരും കൂടാതെ ഈ മേഖലയിൽ തൊഴിൽ നോക്കുന്ന ഏകദേശം 32,000 അംഗീകൃത ഏജന്റുമാർക്കും 2.5 ലക്ഷത്തിൽ പരം വിൽപ്പനക്കാർക്കും തൊഴിൽ നഷ്ടപ്പെടുകയും ചെയ്യും.

(ഡി) തീരുമാനം നിറുത്തിവച്ചതായി അറിവില്ല.

(ഇ)&(എഫ്) ഇല്ല.

(ജി) ഭാഗ്യക്കുറി നിരോധനവാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ സംസ്ഥാന ഭാഗ്യക്കുറിയെ സംബന്ധിച്ച സമഗ്ര വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2.1.1999-ലും, 30.3.1999-ലും ബഹു: കേന്ദ്ര ആഭ്യന്തര വകുപ്പു മന്ത്രിയ്ക്ക് സംസ്ഥാനത്തിന്റെ ഇതു സംബന്ധച്ച ആശങ്ക അറിയിച്ചിട്ടുണ്ട്. ഈ കത്തിന്റെ പകർപ്പ് സംസ്ഥാനത്തെ എല്ലാ പാർലമെന്റ് അംഗങ്ങൾക്കും നല്കിയിട്ടുണ്ട്. 22.1.99 ൽ ചേർന്ന അന്തർ സംസ്ഥാന കൗൺസിൽ മീറ്റിംഗിൽ കേരളത്തിന്റെ ഇക്കാര്യത്തിലെ ഉത്ക്കണ്ഠ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കൂടാതെ 8.12.99-ൽ വീണ്ടും പ്രധാനമന്ത്രിയ്ക്കും കേന്ദ്ര നിയമസഹമന്ത്രിയ്ക്കും കേന്ദ്ര ആഭ്യന്തരമന്ത്രിക്കും ലോട്ടറി നിരോധിക്കാനുള്ള നടപടിയിൽനിന്നും പിന്തിരിയണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫാക്സ് സന്ദേശങ്ങളും കത്തുകളും അയച്ചിട്ടുണ്ട്. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നുള്ള എം.പി.മാരോട് സംയുക്തമായി ചെറുത്തുനിൽപ്പ് സംഘടിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

21 (*77) നെൽകൃഷി വികസന നടപടി

ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ച കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) നല്ലയിനം വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) നെല്ലിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) നെല്ലുൽപ്പാദനം ഹെക്ടറിന് ശരാശരി എത്രകിലോ ആയി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ജി) ഈ ലക്ഷ്യം നേടാൻ ഇതിനകം എന്തൊക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) നെൽകൃഷി ലാഭകരവും ആകർഷകവുമാക്കി വികസിപ്പിക്കുന്നതിന് പല നടപടികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. നെൽകൃഷി സാധ്യതയുള്ള പ്രദേശങ്ങളെ കേന്ദ്രമാക്കി 11 നെൽകൃഷി വികസന ഏജൻസികൾ രൂപീകരിച്ച് അതിന്റെ പരിധിയിലുള്ള സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 13 കോടി രൂപ നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം 10 കോടി രൂപ ഏജൻസികൾക്കും വിവിധ പാടശേഖരങ്ങൾക്കുമായി നൽകിയിട്ടുണ്ട്. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം വ്യാപകമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷികോപകരണങ്ങൾ, ഉൽപ്പാദനോപാധികൾ എന്നിവ സൗജന്യ നിരക്കിൽ നൽകിവരുന്നുണ്ട്. നെൽകൃഷിയ്ക്ക് പൂർണ്ണമായും വൈദ്യുതി സൗജന്യം നൽകിയിട്ടുണ്ട്. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പുനരാവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷിരംഗത്തെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും പഠിക്കാനായി വിദഗ്ധ സമിതിയെ നിയമിക്കുകയുണ്ടായി. സമിതിയുടെ ശുപാർശകൾ സർക്കാർ പഠിച്ചുവരുന്നു. നെൽകൃഷി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഒരു പാഡി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികളുമായിട്ടുണ്ട്. ഒരു പ്രാദേശിക വിത്തു നയത്തിനും വിള പരിപാലന പദ്ധതിക്കും രൂപം

LIBRARY ARCHIVES Kerala Legislative Assembly